www.asianetnews.tv/business-news/business-kerala/big-project-for-neera-production-soon-32029

asianetnews.tv

# നീരയ്ക്കു വിദേശ വിപണി കണ്ടെത്താൻ പദ്ധതി വരുന്നു

കോഴിക്കോട്: സംസ്ഥാനത്ത് നീര ഉത്പാദനം പ്രത്സാഹിപ്പിക്കാൻ സംസ്ഥാന സർക്കർ വിപുലമായ പദ്ധതി തയാറാക്കുന്നു. കൂടുതൽ നീര പ്ലാന്റുകൾ സ്ഥാപിക്കും. വിദേശ രാജ്യങ്ങളിൽ നീരയ്ക്ക് വിപണി കണ്ടെത്താനും ആലോചനയുണ്ട്.

ഇപ്പോൾ കൊല്ലം, കോഴിക്കോട്, ആലപ്പുഴ എറണാകുളം എന്നീ ജില്ലകളിലാണു നീര പ്ലാന്റുകളാണുള്ളത്. ഇരു സ്ഥലങ്ങളിലുമായി 50000 കർഷകർ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കർഷകരിൽ നിന്നുള്ള മികച്ച പ്രതികരണമാണ് കൂടുതൽ സ്ഥലങ്ങളിലേക്കു നീര പ്ലാന്റുകൾ വ്യാപിക്കാനുള്ള കാരണം.

നാളികകേര ഉൽപ്പാദന സംഘങ്ങളുടെ ഭാഗത്ത് നിന്നും മികച്ച പ്രതികരണമാണു ലഭിക്കുന്നത്. നീര ഉൽപ്പന്നങ്ങൾ വിപണയിലെത്തിക്കാൻ സർക്കാരും പ്രചാരണപരിപാടികളുമായി രംഗത്തുണ്ട്. പ്ലാന്റുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന ജില്ലകളുടെ പട്ടിക തയ്യാറാക്കാൻ നാളികേര വികസന ബോർഡിനോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം കണ്ണൂർ പാലക്കാട് എന്നീ ജില്ലകൾക്കാണ് സാധ്യത. അമേരിക്ക ജപ്പാൻ യുഎഇ എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതിയാണ് പ്രാരംഭഘട്ടത്തിൽ ആലോചിക്കുന്നത്. അത്യാധുനിക രീതിയിലുള്ള നീര പ്ലാന്റുകളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. പ്രതിദിനം 8000 ലിറ്റർ വരെ സംസ്കരിക്കാൻ ശേഷിയുണ്ടാകും. യന്ത്രങ്ങളെല്ലാം തദ്ദേശീയമായി വികസിപ്പിച്ചെടുത്തതാണ്. പ്ലാന്റുകളോടനുബന്ധിച്ച് നീര പാർലറുകളും തുടങ്ങും. കോഴിക്കോട് ജില്ലയിൽ മാത്രം 14 പാർർലറുകളാണ് തുടങ്ങുന്നത്. കൂടുതൽ പ്ലാന്റുകളും പാർലറുകളും വരുന്നതാടെ മികച്ച വിപണിയാണു നീര ലക്ഷയ്മിടുന്നത്.